بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 13.09.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

13.09.2019ന് യു.കെ മജ്‌ലിസ് അൻസാറുല്ലാഹ്, ഇജ്തിമാ ഗാഹിൽ നിർവഹിച്ച

ജുമുഅ ഖുത്ബയുടെ സംഗ്രഹം

## നബി(സ)തിരുമേനിയുടെ മഹോന്നതരായ ബദരീ സ്വഹാബികളുടെ സ്തുത്യർഹമായ സവിശേഷഗുണങ്ങളുടെ വിശ്വാസദീപ്തമായ വിവരണങ്ങൾ

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآ لِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ തിരുമനസ്സ് പറയുന്നു:

ബദരീ സഹാബാക്കളെ വിവരിച്ചുകൊണ്ട് ഞാൻ തുടങ്ങിവെച്ച ഖുതുബ പരമ്പരയിൽ ഇന്നും അതുതന്നെ വിവരിക്കുന്നതാണ്. എന്നാൽ അതിന് മുമ്പായി, അൻസാറുല്ലായോട് ഇജ്തിമായെ മുൻനിർത്തി ഒരു കാര്യം പറയുകയാണ്. ആ സഹാബാക്കളിൽ അൻസാറുകളും മുഹാജിറുകളും ഉണ്ടായിരുന്നു. ഇസ്‌ലാം സ്വീകരിച്ചപ്പോൾ, തങ്ങളുടെ ഉള്ളിൽ അവർ ഒരു പരിശുദ്ധമാറ്റം സൃഷ്ടിച്ചു. ത്യാഗങ്ങളുടേതെന്നല്ല, ഭയഭക്തിയുടെ ഉന്നത നിലവാരത്തിന്റെയും കൂറിന്റെയും ആത്മാർഥതയുടെയും അപാരമായ മാതൃകകളാണ് അവർ സ്ഥാപിച്ചത്. ഇവിടെയുള്ള നിങ്ങളിൽ അധികപേരും അൻസാറുകളുമാണ് അതുപോലെ മുഹാജിറുകളുമാണ്. ഈ നിലയിൽ സ്വയം ഒരു പരിശോധന നടത്തികൊണ്ടിരിക്കുക. നമ്മുടെ മുന്നിൽ സമർപ്പിക്കപ്പെടുന്ന ഈ മാതൃകകളെ നാം എത്രമാത്രം പിൻപറ്റുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ആദ്യത്തെ സഹാബി ഹദ്റത്ത് നുഅ്മാൻ ബിൻ അംറ് ആണ്. അദ്ദേഹത്തിന്റെ പേര്- നുഅ്മാൻ, നുഅയ്മാൻ എന്നും പറയപ്പെടുന്നു. ഹദ്റത്ത് നുഅയ്മാൻ രണ്ടാം ബയ്അത്തെ അഖ്ബയിൽ 70 അൻസാറുകളോടൊപ്പം പങ്കെടുത്തു. അതുപോലെ ഹദ്റത്ത് നുഅയ്മാൻ- ബദർ, ഉഹദ്, ഖന്തഖ് ഉൾപ്പടെയുള്ള എല്ലാ യുദ്ധങ്ങളിലും റസൂലുല്ലാഹ്(സ)തിരുമേനിയോടൊപ്പം പങ്കെടുക്കുകയും ചെയ്തു. ഒരു നിവേദനത്തിൽ വരുന്നു, റസൂലുല്ലാഹ്(സ)തിരുമേനി പറഞ്ഞു: നുഅയ്മാനെ സംബന്ധിച്ച് നന്മയല്ലാതെ മറ്റൊന്നും പറയരുത്. കാരണം അദ്ദേഹത്തെ അല്ലാഹുവും അവന്റെ റസൂലും സ്നേഹിക്കുന്നു. ഹദ്റത്ത് നുഅയ്മാന്റെ വഫാത്ത് ഹദ്റത്ത് അമീർ മുആവിയ്യായുടെ ഭരണകാലത്ത് ഹിജ്റ 60ന് ആണ് സംഭവിക്കുന്നത്.

ഹദ്റത്ത് നുഅയ്മാനെ സംബന്ധിച്ച് നിവേദനത്തിൽ വന്നിരിക്കുന്നത് അദ്ദേഹം പ്രകൃത്യാ നർമപ്രിയനായിരുന്നു. അതുകൊണ്ട് നബി കരീം(സ) അദ്ദേഹത്തിന്റെ സംസാരം കേൾക്കുകയും ആസ്വദിക്കുകയും ചെയ്തിരുന്നു. റബീഅ ബിൻ ഉസ്മാൻ നിവേദനം ചെയ്യുന്നു, നബി(സ)തിരുമേനിയുടെ സമീപത്ത് ഒരു ഗ്രാമവാസി വന്നു. അയാൾ പള്ളിയിൽ പ്രവേശിക്കുകയും തന്റെ ഒട്ടകത്തെ മുറ്റത്ത് ഇരുത്തുകയും ചെയ്തു. ചില സഹാബാക്കൾ ഹദ്റത്ത് നുഅ്മാനോട് പറഞ്ഞു: നിങ്ങൾ ഇതിനെ അറുക്ക്. ഞങ്ങൾ തിന്നുകൊള്ളാം. ഞങ്ങൾക്ക് മാംസം കഴിക്കാൻ കൊതിയാകുന്നു. ഇനി റസൂലുല്ലാഹ്(സ)യുടെ അടുക്കൽ പരാതി ചെന്നാൽ പിന്നെ റസൂസുല്ലാഹ്(സ) അതിന്റെ നഷ്ടപരിഹാരം നല്കുകയും ചെയ്തുകൊള്ളും. നിവേദകൻ പറയുന്നു: ഹദ്റത്ത് നുഅ്മാൻ അവരുടെ വാക്കുകൾ കേട്ട് ഒട്ടകത്തെ അറുത്തു. അങ്ങനെ ഗ്രാമവാസി പുറത്തുവന്നു. തന്റെ യാത്രാ മൃഗത്തിന്റെ അവസ്ഥ കണ്ട് ബഹളംവെച്ചു. അല്ലയോ മുഹമ്മദ്(സ)! എന്റെ ഒട്ടകത്തെ കശാപ്പു ചെയ്തിരിക്കുന്നു. നബി കരീം(സ) പുറത്തു വന്ന് എന്നിട്ട് പറഞ്ഞു: ആരാണ് ഇതു ചെയ്തത്? നുഅ്മാൻ ആണെന്ന് ആളുകൾ പറഞ്ഞു.അപ്പോൾ അവിടുന്ന് അദ്ദേഹത്തെ അന്വേഷിച്ചു പുറപ്പെട്ടു. നുഅ്മാൻ, അവിടെനിന്നുപോയി എവിടെയോ ഒളിച്ചിരുന്നു. ഏതായാലും നബി കരീം(സ) അദ്ദേഹത്തെ അന്വേഷിച്ചു പുറപ്പെട്ടു. അങ്ങനെ അദ്ദേഹത്തെ ഹദ്റത്ത് സബാബ് ബിൻത് സുബൈർ ബിൻ അബ്ദുൽ മുത്തലിബിന്റെ അടുത്ത്ഒളിച്ചിരിക്കുന്നതായി കണ്ടു. അങ്ങനെ അദ്ദേഹത്തെ അവിടുന്ന് പുറത്തു കൊണ്ടുവന്നു. എന്നിട്ട് ചോദിച്ചു; ഈ പ്രവർത്തി നീ എന്തിനു വേണ്ടി ചെയ്തതാണ്? നുഅ്മാൻ പറഞ്ഞു: അല്ലയോ റസൂലുല്ലാഹ്! ഞാനാണ് അതിനെ കശാപ്പു ചെയ്തതെന്ന വാർത്ത അങ്ങയ്ക്ക് നല്കിയവരുണ്ടല്ലോ, അവർ തന്നെയാണ് എന്നെ പ്രകോപ്പിച്ചത്. റസൂലുല്ലാഹ്(സ) അതിന്റെ നഷ്ടപരിഹാരം പിന്നീട് നല്കുമെന്ന് അവർ പറയുകയുംചെയ്തു. ഈ കാര്യം കേട്ട് നുഅ്മാന്റെ മുഖം, വാത്സല്യത്തോടെ അവിടുന്ന് സ്പർശിക്കുകയും പുഞ്ചിരിക്കുകയും ചെയ്തു. അങ്ങനെ അവിടുന്ന് ആ ഗ്രാമവാസിക്ക് ഒട്ടകത്തിന്റെ വില നൽകി. സുബൈർ ബിൻ ബകാർ തന്റെ ഗ്രന്ഥമായ അൽ ഫുഖ ഹാവൽ മദാഹിബിൽ ഹദ്റത്ത് നുഅ്മാനെ സംബന്ധിച്ച് ഒരു സംഭവം വിവരിച്ച് കൊണ്ട് എഴുതുന്നു: മദീനയിൽ വല്ല വ്യാപാരിയും വരുന്നതായാൽ ഹദ്റത്ത് നുഅ്മാൻ അയാളിൽ നിന്ന് വല്ലതുമെക്കെ വാങ്ങുകയും റസൂലുല്ലാഹ്(സ)

യുടെ സമക്ഷം ഹാജറായി കൊണ്ട്അത് അങ്ങയ്ക്കുള്ള തന്റെ ഉപഹാരമാണെന്ന് പറയുകയും ചെയ്യുമായിരുന്നു. പിന്നീട് ഈ വ്യാപാരി ഹദ്റത്ത് നുഅ്മാനിൽ നിന്ന് ആ സാധനത്തിന്റെ വില വാങ്ങാൻ വരുമ്പോൾ, അയാളെയും കൂട്ടി അദ്ദേഹം നബി കരീം(സ) അടുക്കൽ വരും. എന്നിട്ട് പറയും: ഇയാൾക്ക് ഈ സാധനത്തിന്റെ വില നല്കിയാലും. അപ്പോൾ നബി(സ)തിരുമേനി ചോദിക്കും, നീ ഇത് എനിക്ക് ഒരു ഉപഹാരം എന്ന നിലയിലല്ലേ നല്കിയത്.? അതിനുള്ള അദ്ദേഹത്തിന്റെ മറുപടി, അല്ലയോ! അല്ലാഹുവിന്റെ റസൂലേ! അല്ലാഹുവാണ സത്യം! ആ സാധനത്തിന്റെ വിലയായി നല്കാൻ എന്റെ പക്കൽ യാതൊന്നും തന്നെയുണ്ടായിരുന്നില്ല എന്നാണ്. എന്നാൽ ഞങ്ങളുടെ ആഗ്രഹം, ആ വസ്തു കഴിക്കാനുള്ളതാണെങ്കിൽ അവിടുന്ന് അത് കഴിക്കണമെന്നും അത് സ്വന്തമാക്കാവുന്നതാണെങ്കിൽ അത് അവിടുന്ന് സ്വന്തമാക്കുകയും ചെയ്യണമെന്നാണ്. അത് കേട്ട് നബി(സ) മന്ദഹസിക്കുകയും അതിന്റെ വില അതിന്റെ ഉടമസ്ഥന് നല്കാൻ നിർദ്ദേശംനല്കുകയുംചെയ്യുമായിരുന്നു. ഇത് ഒരു പ്രത്യേക തരത്തിലുള്ള സ്നേഹത്തിന്റെയും അനുരക്തിയുടെയും നർമ്മത്തിന്റെയും സദസ്സുകളായിരുന്നു. അതല്ലാതെ അവരുടേത് സ്വർത്ഥപരമായ സദസ്സുകളായിരുന്നില്ല.

ഹുസൂർ തിരുമനസ്സ് പറയുന്നു; ഇന്ന് വിവരിക്കുന്ന രണ്ടാമത്തെ സഹാബി, ഹദ്റത്ത് ഹുബയ്ബ് ബിൻ ഇസാഫ് ആണ്. ഹദ്റത്ത് ഹുബയ്ബ്(റ)ന്റെ ബന്ധം അൻസാറുകളുടെ ഗോത്രമായിരുന്ന ഖദ്റജിന്റെ ശാഖ ബനൂ ജശമുമായാണ്. ഹദ്റത്ത് അബൂബക്കറിന്റെ വഫാത്തിന് ശേഷം ഹദ്റത്ത് ഹുബയ്ബ് അദ്ദേഹത്തിന്റെ വിധവ ഹുബയ്ബ ബിൻത് ഖാരിജയെ വിവാഹംചെയ്തു. ഹദ്റത്ത് ഹുബയ്ബ് മദീനയിലേക്കുള്ള ഹിജറത്ത് വേളയിൽ മുസ്ലിം ആയിരുന്നില്ലായെന്നതിൽ യാതൊരു സംശയവുമില്ല. എന്നിരുന്നാലും അദ്ദേഹത്തിന് മദീനയിലേക്കുള്ള ഹിജ്റത്ത് വേളയിൽ മുഹാജിറുകൾക്ക് ആതിഥ്യമരുളാൻ അവസരം ലഭിക്കുകയുണ്ടായി. ഹദ്റത്ത് തൽഹ ബിൻ അഹ്ദുല്ലാഹ്, ഹദ്റത്ത് സുഹയ്ബ് ബിൻ സിനാൻ എന്നിവർ ഇദ്ദേഹത്തിന്റെ വീട്ടിൽ താമസിച്ചിരുന്നു. അതുപോലെ തന്നെ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ, ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, അദ്ദേഹം ഹദ്റത്ത് ഹുബയ്ബിന്റെ അടുക്കൽ, ഖുബയിലെ സുൻആ എന്ന സ്ഥലത്ത് താമസിച്ചിരുന്നുവെന്നും പറയപ്പെടുന്നുണ്ട്. ബദർ യുദ്ധം കൂടാതെ ഉഹദ്, ഖന്തഖ് പോലുള്ള മറ്റെല്ലാ യുദ്ധങ്ങളിലും റസൂലുല്ലാഹ്(സ)യോടൊപ്പം അദ്ദേഹം പങ്കെടുത്തിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നത്,ഹുബയ്ബ് മദീനനിവാസിയായിരുന്നു എന്നാണ്. എന്നിട്ടും അദ്ദേഹം(തുടക്കത്തിൽ) ഇസ്ലാം സ്വീകരിച്ചിരുന്നില്ല. അങ്ങനെ നബി കരീം(സ) ബദറിലേക്ക് യുദ്ധത്തിനായി പുറപ്പെട്ടപ്പോൾ അദ്ദേഹം യാത്രാമധ്യേ നബി(സ)തിരുമേനിയെ കണ്ടുമുട്ടുകയും ഇസ്ലാം സ്വീകരിക്കുകയും ചെയ്യുകയായിരുന്നു.

ഹദ്റത്ത് ഹുബയ്ബ് ഇസ്ലാം സ്വീകരിച്ചതിനെ സംബന്ധിച്ച് സഹീഹ് മുസ്ലിമിൽ ഇപ്രകാരം വിവരണം കാണാം: നബി(സ)തിരുമേനിയുടെ പ്രിയപത്നി, ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ആയിശയുടെ നിവേദനമാണ്. പറയുന്നു: റസൂലുല്ലാഹ്(സ) ബദറിലേക്ക് പുറപ്പെട്ടു. അങ്ങനെ മദീനയിൽ നിന്ന് മൂന്ന് മൈൽദൂരത്ത് സ്ഥിതിചെയ്യുന്ന ഹുറത്തുൽ അബ്റ എന്ന സ്ഥലത്ത് എത്തിയപ്പോൾ അവിടുന്ന് ഒരു വ്യക്തിയെ കണ്ട് മുട്ടി. അദ്ദേഹത്തിന്റെ ധൈര്യവും ധീരതയും വളരെ പ്രസിദ്ധമാണ്. റസൂലുല്ലാഹ്(സ)തിരുമേനിയുടെ സഹാബാക്കൾ അദ്ദേഹത്തെ കണ്ട് വളരെയധികം സന്തോഷിച്ചു. അങ്ങനെ അദ്ദേഹം റസൂലുല്ലാഹ്(സ)തിരുമേനിയുടെ സമക്ഷം വന്ന് പറഞ്ഞു: ഞാൻ അങ്ങയോടൊപ്പം വരുവാനും അങ്ങയോടൊപ്പം യുദ്ധമുതലിന്റെ വിഹിതം കരസ്ഥമാക്കുവാനും വന്നതാണ്. റസൂലുല്ലാഹ്(സ) അദ്ദേഹത്തോട് ചോദിച്ചു: നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുന്നുണ്ടോ? അദ്ദേഹം പറഞ്ഞു: ഇല്ല. അവിടുന്ന് പറഞ്ഞു: തിരിച്ച് പോകുക. കാരണം ഞാൻ ഒരു മുശ്രികിൽ നിന്ന് സഹായം വാങ്ങുകയില്ല. അവർ വിവരിക്കുന്നു, ഹുബയ്ബ് തിരിച്ച് പോയി. മദീനയിൽ നിന്ന് 6,7 മൈൽ ദൂരത്ത് സ്ഥിതിചെയ്യുന്ന ശജറ എന്ന സ്ഥലത്ത് ആ വ്യക്തി വീണ്ടും അങ്ങയെ വന്ന് കണ്ടു. മുമ്പ് പറഞ്ഞത് പോലെ തന്നെ അദ്ദേഹംവീണ്ടും പറഞ്ഞു. നബി(സ)തിരുമേനിയും അദ്ദേഹത്തോട് മുമ്പ് എന്തായിരുന്നുവോ പറഞ്ഞിരുന്നത് അതുതന്നെ മറുപടിയായി നല്കി. വീണ്ടും അദ്ദേഹംതിരിച്ച് പോയി. പിന്നീട് അവിടുന്ന് ബയ്ളാ എന്ന സ്ഥലത്ത് അദ്ദേഹത്തെ കണ്ടു. അവിടുന്ന് ചോദിച്ചു: നിങ്ങൾ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നുണ്ടോ? അദ്ദേഹം പറഞ്ഞു: അതെ. അപ്പോൾ റസൂലുല്ലാഹ്(സ) പറഞ്ഞു: ശരി, ഇനി നിനക്ക് എന്റെയൊപ്പം വരാവുന്നതാണ്.

ഹദ്റത്ത് ഹുബയ്ബ് ബിൻ ഇസാഫ് മക്കയിലെ ഖുറൈശികളുടെ നേതാവായ ഉമയ്യാ ബിൻ ഖൽഫിനെ ബദർ യുദ്ധത്തിൽ വധിച്ചിരുന്നു. ഈ സംഭവംവിവരിച്ചുകൊണ്ട് അല്ലാമാ നൂറുദ്ദീൻ ഹൽബി തന്റെ സീറത്തുൽ ഹൽബിയ്യാ എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നത് ഇപ്രകാരമാണ്: ഹദ്റത്ത് അബ്ദു റഹ്മാൻ ബിൻ ഔഫിൽ നിന്ന് നിവേദനം: ബദറിന്റെ മൈതാനത്ത് ഞാൻ ഉമയ്യാ ബിൻ ഹലഫിനെ കണ്ടു. ജഹിലിയ്യാ കാലത്ത് എന്റെ സുഹൃത്തായിരുന്നു അയാൾ. ഉമ്മയ്യായോടൊപ്പം അയാളുടെ മകൻ അലിയും ഉണ്ടായിരുന്നു. ഹദ്റത്ത് അബ്ദു റഹ്മാൻ പറയുന്നു: എന്റെ പക്കൽ നിരവധി പടച്ചട്ടകൾ ഉണ്ടായിരുന്നു. അത് ഞാൻ ഉയർത്തി പിടിച്ചിരുന്നു. ഉമയ്യ എന്നെ കണ്ടപ്പോൾ എന്നെ വിളിച്ചു എന്നിട്ടു പറഞ്ഞു: നിന്നിൽ എനിക്ക് വല്ല അവകാശവുമുണ്ടെങ്കിൽ, ഞാൻ നിനക്ക് നിന്റെ പക്കലുള്ള ഈ പടച്ചട്ടകളെക്കാളും ഉത്തമമെങ്കിൽ(രക്ഷപെടാനുള്ള സംവിധാനം ചെയ്യുക). ഞാൻ അയാളോട് പറഞ്ഞു: ശരി. അങ്ങനെ ഞാൻ പടച്ചട്ടകൾ താഴെ വെച്ച്, ഉമയ്യായുടെയും അയാളുടെ മകൻ അലിയുടെയും കൈകൾ പിടിച്ചു. ഉമയ്യാ പറയാൻ തുടങ്ങി: ഞാൻ ജീവിതത്തിൽ ഇന്ന് വരെ ഇന്നത്തെ ദിവസം പോലുള്ള മറ്റൊരു ദിവസം കണ്ടിട്ടില്ല. അതായത് ബദർ ദിവസം. പിന്നീട് എന്നോട് അയാൾ ചോദിച്ചു: പടച്ചട്ടയിൽ നെഞ്ചിന്റെ ഭാഗത്ത് ഒട്ടകപക്ഷിയുടെ തൂവൽ ധരിച്ച വ്യക്തി ആരാണ്? ഞാൻ

പറഞ്ഞു: ഹംസ ബിൻ അബ്ദുൽ മുത്തലിബ്. അപ്പോൾ ഉമയ്യാ പറഞ്ഞു: ഇതെല്ലാം വരുത്തിവെച്ചത് അയാളാണ്. അദ്ദേഹം കാരണമാണ് ഈ അവസ്ഥ ഞങ്ങൾക്ക് ഉണ്ടായത്. ഹദ്റത്ത് അബ്ദു റഹ്മാൻ ബിൻ ഔഫ് പറയുന്നു: അതിന് ശേഷം അവരെ രണ്ട് പേരെയുംകൊണ്ട് ഞാൻ നടന്ന് പോകുമ്പോൾ പെട്ടെന്ന് ഹദ്റത്ത് ബിലാൽ, ഉമയ്യായെ എന്നോടൊപ്പം കണ്ടു. മക്കയിൽവെച്ച് ഇസ്‌ലാം ഉപേക്ഷിക്കുന്നതിനായി ഉമയ്യാ വലിയ ശിക്ഷകൾ ബിലാലിന് നല്കിയിരുന്നു. ഹദ്റത്ത് ബിലാൽ ഉമയ്യായെ കണ്ടമാത്രയിൽ പറഞ്ഞു: അവിശ്വാസികളുടെ നേതാവ് ഉമയ്യാ ബിൻ ഹൽഫ് ഇവിടെയുണ്ട്. ഒരുപക്ഷേ ഇയാൾ രക്ഷപ്പെടുകയാണെങ്കിൽ മനസിലാക്കി കൊള്ളുക, ഞാൻ ബാക്കിയാവുകയില്ല. ഹദ്റത്ത് അബ്ദു റഹ്മാൻ ബിൻ ഔഫ് വിവരിക്കുന്നു, ഇത് കേട്ട് ഞാൻ പറഞ്ഞു: എന്റെ യുദ്ധ തടവുകാരെ കുറിച്ച് ഇങ്ങനെയാണോ പറയുന്നത്. ഹദ്റത്ത് ബിലാൽ വലിയ ഉച്ചത്തിൽ ശബ്ദം ഉയർത്തി. പറഞ്ഞു, അല്ലയോ അല്ലാഹുവിന്റെ അൻസാറുകളെ! ഇത് അവിശ്വാസികളുടെ നേതാവ് ഉമയ്യാ ബിൻ ഹൽഫാണ്. ഇനി ഇയാൾ രക്ഷപ്പെടുകയാണെങ്കിൽ മനസിലാക്കി കൊള്ളുക ഞാൻ ബാക്കിയാവുകയില്ല. അങ്ങനെ പലവട്ടം പറഞ്ഞുകൊണ്ടിരുന്നു. ഹദ്റത്ത് അബ്ദു റഹ്മാൻ വിവരിക്കുന്നു: ഇത് കേട്ട് അൻസാറുകൾ ഓടി വന്നു. അവർ നാല് വശത്ത് നിന്നും ഞങ്ങളെ വളഞ്ഞു. പിന്നെ ഹദ്റത്ത് ബിലാൽ വാൾ ഉയർത്തി ഉമയ്യായുടെമകനെ ആക്രമിച്ചു. അതുമൂലം അവൻ നിലത്ത് വീണു. ഉമയ്യ ഭയചികിതനായി കൊണ്ട് ഉച്ചത്തിൽ നിലവിളിച്ചു. അത്തരം നിലവിളിമുമ്പ് ഒരിക്കലും ഞാൻ കേട്ടിരുന്നില്ല. അതിന് ശേഷം അൻസാറുകൾ അവർ രണ്ട് പേരെയും വാളുകൾ കൊണ്ട് തുണ്ടമാക്കി.

ഉമയ്യായെ അൻസാറുകളുടെ ഗോത്രമായ ബനൂ മുഅസനിൽപ്പെട്ട ഒരു വ്യക്തി വധിച്ചുവെന്നതാണ് പ്രസിദ്ധമായിട്ടുള്ളത്. എന്നാൽ ഇബ്നു ഹിശാം പറയുന്നു, ഉമയ്യായെ ഹദ്റത്ത് മആദ് ബിൻ ഗഫറാ ഖാരിജ ബിൻ സയ്ദുംഹുബയ്ബ് ബിൻ ഇസാഫും ചേർന്നാണ് വധിച്ചത്. അതായത് ഇപ്പോൾ വിവരിച്ച് കൊണ്ടിരിക്കുന്ന സഹാബിയും ഇതിൽ ഉൾപ്പെട്ടിരുന്നു. അതുപോലെ ഹദ്റത്ത് ബിലാലാണ് അയാളെ വധിച്ചതെന്നും പറപ്പെടുന്നുണ്ട്. യഥാർത്ഥത്തിൽ എല്ലാ സഹാബത്തും ഉമയ്യായുടെ വധത്തിൽ പങ്കെടുത്തിരുന്നു. ഉമയ്യായുടെ മകൻ അലിയെ ഹദ്റത്ത് ബിലാൽ ആക്രമിച്ച് നിലത്ത് വീഴ്ത്തി. പിന്നീട് അയാളെ അമ്മാർ ബിൻ യാസിർ വധിച്ചു കളഞ്ഞു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ചില സംഭവങ്ങൾ വിശദീകരിക്കുമ്പോൾ ആ സഹാബിക്ക് നേരിട്ട് ബന്ധം ഇല്ലെങ്കിൽതന്നെയും അതിൽ അദ്ദേഹത്തെ കുറിച്ചും പറയുന്നുണ്ട്. ഞാൻ ഇത് വിവരിക്കാൻ കാരണം, നമുക്കും ചരിത്രത്തെ സംബന്ധിച്ച് അറിവുണ്ടാകുന്നതിന് വേണ്ടിയാണ്.

ഹുബയ്ബ് ബിൻ അബ്ദു റഹ്മാൻ വിവരിക്കുന്നു, എന്റെ പിതാമഹൻ ഹദ്റത്ത് ഹുബയ്ബിന് ബദർ യുദ്ധവേളയിൽ ഒരു മുറിവുണ്ടായി. അതുമൂലം അദ്ദേഹത്തിന്റെവാരിയെല്ല് ഒടിഞ്ഞ് പോയി. അതിൽ റസൂലുല്ലാഹ്(സ)തിരുമേനി, ആ സ്ഥലത്ത് തന്റെ ഉമിനീർകൊണ്ട് തടവി. അതിന്റെ നിശ്ചിത സ്ഥാനത്ത് വെച്ച് അതിനെ ശരിയാക്കി. അങ്ങനെ ഹദ്റത്ത് ഹുബയ്ബ് പിന്നീട്നടക്കാൻ തുടങ്ങി. മറ്റൊരു നിവേദനത്തിൽഇതിനെ കുറിച്ച് പറയുന്നു, ഹദ്റത്ത് ഹുബയ്ബ് വിവരിക്കുന്നു, ഒരു യുദ്ധത്തിൽ എന്റെ തോളിന് കഠിനമായ മുറിവ് ഏല്ക്കുകയുണ്ടായി. അത് എന്റെ മുതുക് വരെ എത്തിയിരുന്നു. അതുകാരണം എന്റെ കൈ തൂങ്ങി നിന്നു. അങ്ങനെ ഞാൻ നബി(സ)തിരുമേനിയുടെ സമക്ഷം ഹാജരായി. അപ്പോൾ അവിടുന്ന് തന്റെ പരിശുദ്ധ ഉമിനീർകൊണ്ട് അവിടെ തടവി. അങ്ങനെ കൈഅതിനോടൊപ്പം ചേരുകയും പൂർണസുഖം പ്രാപിക്കുകയും എന്റെ മുറിവ് ഉണങ്ങുകയും ചെയ്തു.

ഹദ്റത്ത് ഹുബയ്ബ് ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് വഫാത്തായി. മറ്റൊരു അഭിപ്രായപ്രകാരം അദ്ദേഹം ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്താണ് വഫാത്തായത്. അല്ലാഹു ഈ സഹാബാക്കളുടെ പദവികൾ ഉയർത്തുമാറാകട്ടെ.

ഇനി ഞാൻ വഫാത്തായ മൂന്ന് പേരെ കുറിച്ച് പറയുന്നതാണ്. അവരുടെ ജനാസ നമസ്കാരവും നമസ്കാരങ്ങൾക്ക് ശേഷം നിർവഹിക്കുന്നതാണ്.അതിൽ ആദ്യത്തേത് ബഹുമാന്യ റശീദ ബേഗം സഹിബ, ബഹുമാന്യ സയ്യദ് മുഹമ്മദ് സർവർ സാഹിബ് റബ്വയുടെ ഭാര്യയാണ്. ആഗസ്റ്റ് 24 ന് തന്റെ 74 മത്തെ വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വഇന്നഇലൈഹി റാജിഊൻ.അവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് പിതാമഹൻ ബഹുമാന്യ ഫത്തഹ് മുഹമ്മദ് സാഹിബ് മുഖേനയാണ് എത്തിയത്. അദ്ദേഹത്തിന്ഖാദിയാനിൽ വന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബി, ഹദ്റത്ത് ഖാസി മുഹമ്മദ് അക്ബർ സാഹിബിലൂടെ ബയ്അത്ത് ചെയ്യാൻ ഭാഗ്യം ലഭിച്ചു. ഖാസി സാഹിബ് 1894 ൽ സൂര്യചന്ദ്രഗ്രഹണങ്ങൾ ദർശിച്ച് ഈ അടയാളത്തിൽ നിന്ന് ഇമാം മഹ്ദി(അ) അവതരിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കാമെന്ന് തന്റെ പ്രദേശത്തും കുടുംബത്തിലും ഉള്ള ആളുകളോട് അദ്ദേഹം പറഞ്ഞിരുന്നു,

മർഹൂമയുടെ ഒരു മകൻ മുഹമ്മദ് സക്കരിയ്യാ സാഹിബ്, മുബലിഗ് ലൈബീരിയ്യ പറയുന്നു: എന്റെ മാതാവ് ചന്ദ വളരെ കൃത്യതയോടെ നല്കിയിരുന്നു. എന്റെ ചന്ദ നല്കിയോ ഇല്ലയോ എന്ന് എപ്പോഴുംഅന്വേഷിക്കുമായിരുന്നു. അതുകൂടാതെ കുട്ടികളുടെ ശിക്ഷണകാര്യത്തിൽ വളരെയധികം ശ്രദ്ധ നല്കിയിരുന്നു. ഖിലാഫത്തിനോട് തികഞ്ഞ സ്നേഹത്തിന്റെയും ആത്മാർത്ഥയുടെയും അനുരക്തിയുടെയും ബന്ധമുണ്ടായിരുന്നു. വളരെ ശ്രദ്ധയോടെ ഖുത്ബകൾ കേട്ടിരുന്നു. അതിലെ ആശയങ്ങൾ അടയാളപ്പെടുത്തുകയും പിന്നീട് കുട്ടികളുമായി അതിനെ കുറിച്ച്ചർച്ച നടത്തുകയുംചെയ്തിരുന്നു. അല്ലാഹു ഇവരുടെ സന്താനങ്ങൾക്ക് ഇവരുടെ നന്മകൾ തുടരുന്നതിന് തൗഫീഖ് നല്കുമാറാകട്ടെ. ഈ മാതാവിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ, ബഹുമാന്യ മുഹമ്മദ് ശംസീർ ഖാൻ സാഹിബ് സദർ ജമാഅത്ത് നൻദി ഫിജിയുടെതാണ്. അദ്ദേഹം സെപ്റ്റംബർ 5 ന് വഫാത്തായി. ഇന്നാലില്ലാഹി വഇന്ന ഇലൈഹി റാജിഊൻ. 1962 ൽ അദ്ദേഹം തന്റെ പി

താവിനോടൊപ്പം ലാഹോരി ജമാഅത്തിൽ നിന്ന് ബയ്അത്ത് ചെയ്ത് കൊണ്ട് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. അദ്ദേഹം ഫിജി ജമാഅത്തിലെ ആദ്യകാല അംഗങ്ങളിൽ ഉൾപ്പെടുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നീണ്ട കാലം ജമാഅത്തിന് സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. ജമാഅത്ത് അഹ്മദിയ്യാ മാർവോ, സോവ, നൻതി, ലട്ടോകാ എന്നിവിടങ്ങളിലെമസ്ജിദ്നിർമ്മാണത്തിൽ അദ്ദേഹത്തിന് കാര്യമായ പങ്ക് വഹിക്കാൻ സാധിച്ചു. 2010 മുതൽ വഫാത്ത് വരെ ജമാഅത്ത് അഹ്മദിയ്യാ നൻതിയായുടെ സദറായി സേവനം ചെയ്യാനും തൗഫീഖ് ലഭിച്ചു. അല്ലാഹു മർഹൂമിനോട് മഅ്ഫിറത്തോടും റഹ്മത്തോടുംകൂടി പെരുമാറാകട്ടെ.

മൂന്നാമത്തെ ജനാസ, ബഹുമാന്യ ഫാത്തിമ മുഹമ്മദ് മുസ്തഫ സാഹിബ് കിർകിസ്ഥാൻ, നോർവേയുടെതാണ്. അവരുടെ വഫാത്ത് ജൂൺ 13 ന് 88 മത്തെ വയസ്സിൽ സംഭവിച്ചു. ഇന്നാലില്ലാഹി വഇന്നഇലൈഹി റാജിഊൻ. അവർക്ക് 2014ലാണ് ബയ്അത്ത് ചെയ്യുവാനുള്ള തൗഫീഖ് ലഭിച്ചത്. അവരുടെ മകൾ പറയുന്നു,എന്റെ മാതാവിന് വിദ്യാഭ്യാസം ഉണ്ടായിരുന്നില്ല, എന്നാൽ അവർക്ക് വിശുദ്ധ ഖുർആനിലെ ഒരുപാട് ആയത്തുകളും നിരവധി ഹദീസുകളും മനഃപാഠമായിരുന്നു. അവരുടെ ജീവിതത്തിലെ പ്രധാന ജോലി നമസ്കാരം കൃത്യത സമയത്ത് നിർവഹിക്കുകയെന്നതായിരുന്നു. അതുപോലെ ധാരാളം നോമ്പുകളും അനുഷ്ഠിച്ചിരുന്നു. നോമ്പ് അനുഷ്ഠിക്കാൻ ശക്തിയില്ലാത്തവരുടെ പേരിലാണ് ഞാൻ ഈ നോമ്പ് അനുഷ്ഠിക്കുന്നതെന്ന് അധികവും പറയാറുണ്ടായിരുന്നു. മറ്റുള്ളവരെ സഹായിക്കാനുള്ള ആവേശം എപ്രകാരമെന്നാൽ ഇറാഖിലുള്ളപ്പോൾ ചില സമയത്ത് മാതാവ്ചികിത്സ നടത്താൻ ആരുമില്ലാത്ത സ്ത്രീകളോടൊപ്പം 50 മൈൽദൂരം യാത്ര ചെയ്ത് ആശുപത്രിയിൽ പോകുകയും അവർക്ക് ധനപരമായ സഹായം എത്തിക്കുകയും ചെയ്തിരുന്നു.

അല്ലാഹു അവരോട് മഅ്ഫിറത്തോടും റഹ്മത്തോടും കൂടി പെരുമാറുകയും പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ. അവരുടെ മകളുടെ വിശ്വാസത്തിന് ദൃഢത പ്രദാനം ചെയ്യുകയും അവരുടെ അഹ്മദി ആകാത്ത സന്താനങ്ങളുടെ ഹൃദയങ്ങൾ അല്ലാഹു തുറക്കുകയും ആ സന്താനങ്ങൾക്ക് വേണ്ടിയുള്ള അവരുടെ ദുആകൾ സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Ijthima Gah, Majlis Ansarulah - UK-2019 – on 13.09.2019
Malayalam Translation : **Mou.Hashim Ashraf** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516